പതിനാലാം കേരള നിയമസഭ

15-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1395 — 11.06.2019-ൽ മറുപടിക്ക്

## വ്യാജരേഖ ഉപയോഗിച്ച് നിലം നികത്തൽ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(ബഹു.റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് വ്യാജരേഖ ഉപയോഗിച്ച് വ്യാപകമായ രീതിയിൽ നിലം നികത്തൽ നടക്കുന്നതായി വിജിലൻസ് നടത്തിയ പ്രാഥമിക പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോ? | (എ) സംസ്ഥാനത്ത് വ്യാജരേഖ ഉപയോഗിച്ച് വ്യാപകമായ രീതിയിൽ നിലം നികത്തൽ നടത്തുന്ന സാഹചര്യം ഉണ്ടായിട്ടില്ല. എറണാകുളം ജില്ല, ആലുവ താലൂക്ക്, ചൂർണ്ണിക്കര വില്ലേജ് ബ്ലോക്ക് നമ്പർ 34 സർവ്വെ നമ്പർ 7/3-2, 7/3-3, 7/3-4, 7/3-5, 7/3-6 എന്നിവയിൽപ്പെട്ട 0.29.21 ഹെക്ടർ വരുന്ന നിലം നികത്തുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണറുടെ ചാർജ്ജ് വഹിക്കുന്ന ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണറുടേയും, ഫോർട്ട് കൊച്ചി സബ്കളക്ടറുടേയും വ്യാജ ഉത്തരവുകൾ ചമച്ചതായി ശ്രദ്ധയിൽ പ്പെട്ടതിനെ തുടർന്ന് ലാൻഡ് റവന്യൂ കമ്മീഷണറേറ്റ്, കളക്ടറേറ്റ്, ആർ.ഡി. ഓഫീസ് എന്നിവിടങ്ങളിൽ ലാന്റ് റവന്യൂ കമ്മീഷണറേറ്റിലെ പരിശോധനാ വിഭാഗം മുഖേന പ്രാഥമിക പരിശോധന നടത്തിയിരുന്നു. തുടർന്ന് ക്രിമിനൽ നടപടി നിയമപ്രകാരം പോലീസ് അന്വേഷണവും വിജിലൻസ് അന്വേഷണവും നടത്തുന്നതിനുത്തരവാകുകയും അതനുസരിച്ച് അന്വേഷണം നടന്നു വരികയുമാണ്. |
| (ബി) ഇത്തരം വ്യാജ രേഖകൾ റവന്യൂ ഉദ്യോഗസ്ഥരുടെ സഹായവും ഒത്താശ യോടും കൂടിയാണ് ഉണ്ടാക്കുന്നതെന്ന് കണ്ടെത്തി യിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം സംബന്ധിച്ച് സമഗ്രമായ അന്വേഷണം സമയ ബന്ധിത മായി നടത്തി കുറ്റക്കാരെ നിയമത്തിന് മുന്നിൽ കൊണ്ടു വരുന്നതിന് നടപടി സ്വീകരി ക്കുമോ; വിശദമാക്കുമോ? | (ബി) ആലുവ താലൂക്ക്, ചൂർണ്ണിക്കര വില്ലേജിൽ നിലം നികത്തുന്നതിനായി കൃത്രിമ രേഖ ചമച്ചുവെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് നടന്ന നിലം നികത്തലുകളെ കുറിച്ച് റവന്യൂ വകുപ്പ് പ്രാഥമിക പരിശോധന നടത്തിയിരുന്നു. ലാൻഡ് റവന്യൂ കമ്മീഷണറുടെ ചാർജ്ജ് വഹിക്കുന്ന ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണറുടേയും, ഫോർട്ട് കൊച്ചി സബ്കളക്ടറുടേയും വ്യാജ ഉത്തരവുകളും വാജ ഒപ്പും ചമയ്ക്കുകയും ടി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ റവന്യൂ രേഖകളിൽ മാറ്റങ്ങൾ വരുത്തുന്നതിനും ഉണ്ടായ ശ്രമങ്ങൾ ക്രിമിനൽ കുറ്റങ്ങളായതിനാൽ ആയത് ശ്രദ്ധയിൽപ്പെട്ടയുടൻ ക്രിമിനൽ നടപടി നിയമ പ്രകാരം പോലീസ് അന്വേഷണവും, ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്ത് കോടതി മുഖാന്തിരമുള്ള തുടർ |

നടപടികളും നടന്നു വരുന്നു. അന്വേഷണത്തിന്റെ ഭാഗമായി ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ ഓഫീസ് അറ്റൻഡന്റ് ആയ ശ്രീ. അരുണിനെ അറസ്റ്റ് ചെയ്തിട്ടുണ്ടായിരുന്നു.

**സെക്ഷൻ ഓഫീസർ**